പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 147

30.09.2011-ൽ മറുപടിയ്ക്ക്

## ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>,, റ്റി.എൻ. പ്രതാപൻ<br>,, എം.എ. വാഹീദ്<br>,, ഡൊമിനിക് പ്രസന്റേഷൻ | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |

എ. ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിൽ സംസ്ഥാനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകാൻ ആസൂത്രണ കമ്മീഷന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ;

ബി. എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ് ;

എ. & ബി. ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ കേരളത്തിൽനടപ്പിലാക്കുമ്പോൾ ചില മാർഗ്ഗ നിർദ്ദേശങ്ങൾ സംസ്ഥാനത്തിന് അനുയോജ്യമായി അനുഭവപ്പെടാറില്ല. ഇതു പരിഹരിക്കുന്നതിനായി കേരളം ആസൂത്രണ കമ്മിഷനിലും, വിവിധ കേന്ദ്ര മന്ത്രാലയങ്ങളിലും പല വിധത്തിലുള്ള സമ്മർദ്ദങ്ങൾ ചെലുത്തുന്നുണ്ട്. അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് കേന്ദ്ര ആസൂത്രണ കമ്മിഷനിൽ നിന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ട്.

സി. എത്ര ശതമാനം തുകയാണ് ഇങ്ങനെ വിനിയോഗിക്കാൻ അനുമതി നൽകിയിട്ടുള്ളത്;

സി. അനുവദനീയമായ പദ്ധതികൾക്ക് ആവശ്യമായ ഫണ്ട് പരിധിയില്ലാതെ ലഭിക്കുന്ന പദ്ധതിയായതിനാൽ % (പെർസെന്റേജ്) കണക്കാക്കുവാൻ കഴിയില്ല. ഈ വകുപ്പു മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തുക അതത് പദ്ധതികളുടെ മാർഗ്ഗ നിർദ്ദേശ പ്രകാരം വിനിയോഗിക്കേണ്ടതാണ്. ഇതിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് തുക ചെലവഴിക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് അനുമതി ലഭിച്ചിട്ടില്ല.

ഡി. തുക വിനിയോഗിക്കാൻ എന്തെല്ലാം നിബന്ധനകളാണ് മുന്നോട്ടു വച്ചിട്ടുള്ളത്;

ഡി. ഉദിക്കുന്നില്ല.

ഇ. കേന്ദ്രം അനുമതി നൽകിയ തുകകൾ എപ്രകാരമാണ് പദ്ധതി നടത്തിപ്പിന് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത് ?

ഇ. നിലവിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിലേയ്ക്കാണ് തുക അനുവദിക്കുന്നത്. ഒരു നിശ്ചിത തുക അനുവദിക്കുന്ന സ്കീമല്ല. ആവശ്യമായ ഫണ്ട് അനുവദിക്കുകയാണ്. അതത് പദ്ധതികൾക്ക് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് പദ്ധതി നടത്തിപ്പിനായി തുകകൾ അനുവദിക്കുന്നതും വിനിയോഗിക്കേണ്ടതും.

സെക്ഷൻ ഓഫീസർ.